**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **30-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതിയും കോടതികളുടെ പ്രവർത്തനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതികൊണ്ട് ജെ. എഫ്. സി. എം. കോടതിയും മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും കൂടി എം. എം. കോടതിയായിട്ടാണ് പ്രവർത്തിക്കുന്നത് എന്നതിനാലും ആഴ്ചയിൽ മൂന്ന് ദിവസം വീതം മാത്രമാണ് രണ്ട് കോടതികളിലുമായിട്ട് കേസ് തീർപ്പാക്കൽ നടക്കുന്നത് എന്നതിനാലും രണ്ട് കോടതികളിലും കൂടി ഒരു മുൻസിഫ് മജിസ്ട്രേറ്റ് മാത്രമാണുള്ളത് എന്നതിനാലും ആയത് ബൈഫർക്കേഷൻ (വിഭജനം) നടത്തുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ മുൻസിഫ്-മജിസ്ട്രേറ്റ് കോടതി ബൈഫർക്കേഷൻ (വിഭജനം) നടത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. |
| (ബി) | നിലമ്പൂർ കോടതി സമുച്ചയത്തിന്റെ കെട്ടിടനിർമാണത്തിനു വേണ്ടി തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണത്തിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ കോടതി സമുച്ചയ നിർമാണത്തിനുള്ള ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച 1791 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിനെത്തുടർന്ന് ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ പരിഹരിച്ചതിനുശേഷം ആയത് പുനഃസമർപ്പിക്കുവാൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മുൻസിഫ് കോടതിയിലേക്കാവശ്യമായ സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | 31/10/2013 - ലെ സ.ഉ.(കൈ)നം. 271/2013/ ആഭ്യന്തരം പ്രകാരം നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി മാറ്റുകയും, പ്രസ്തുത കോടതിയുടെ പ്രവർത്തനങ്ങൾക്കായി, 31/01/2015 - ലെ സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം പ്രകാരം 8 അധിക തസ്തികയും, 02.03.2023 - ലെ G.O. (Ms.) No.59/2023/Home പ്രകാരം 1 ജൂനിയർ സൂപ്രണ്ട് തസ്തികയും അനുവദിക്കുകയും ചെയ്തിരുന്നു. അനുവദിച്ച 9 തസ്തികകൾക്കു പുറമെ 22 തസ്തികകൾ കൂടി പുതുതായി അനുവദിക്കാൻ ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചതിനെ തുടർന്ന് ടി കോടതിയിലേയ്ക്ക് 24.11.2023 - ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം.3414/2023/ആഭ്യന്തരം പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ 2 clerk cum typist നെ നിയമിക്കുന്നതിന് അനുമതി നൽകുകയും, 11 തസ്തികകളിലേയ്ക്ക് വർക്കിംഗ് അറേഞ്ചമെന്റ്റ് നടത്തുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ